ഒരു ഹൈപ്പർ മാർക്കറ്റ് ഉൾപ്പെടുന്ന സബർബൻ മാൾ നിർമ്മാണത്തിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

തിരുവല്ലയിൽ ഗോഡൗണുകളും ഹൈപ്പർ മാർക്കറ്റും ചേർന്നുള്ള പദ്ധതിക്കാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ ഗോഡൗൺ പദ്ധതിയും ഹൈപ്പർ മാർക്കറ്റ് കോംപ്ലക്സും വെവ്വേറെ പദ്ധതികളിലായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൊല്ലത്ത് ഹൈപ്പർ മാർക്കറ്റ് കോംപ്ലക്സ് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കിവരുന്നു.

(ഡി) സപ്ലൈകോയുടെ സ്വന്തം സ്ഥലം പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ദീർഘകാല വീക്ഷണത്തോടുകൂടി ആരംഭിക്കുന്ന ഒരു സംരംഭമാണ് ഹൈപ്പർ മാർക്കറ്റുകൾ

(ഇ) കൊല്ലം ജില്ലയിൽ മാത്രം.

(എഫ്) ഇപ്രകാരം അനുവദിക്കുന്നില്ല.

(ജി) ഹൈപ്പർ മാർക്കറ്റുകളുടെ നിർമ്മാണ തുക സപ്ലൈകോയുടെ തനതുഫണ്ടിൽനിന്നാണ് ലഭ്യമാക്കുന്നത്.

(എച്ച്) കരുനാഗപ്പള്ളി ഹൈപ്പർ മാർക്കറ്റിനും പിറവം സബർബൻ മാളിനുംകൂടി 14.5 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. തിരുവല്ല, കൊല്ലം എന്നിവയുടെ വിവരം ശേഖരിച്ചുവരുന്നു.

സിവിൽസപ്ലൈസ് കോർപ്പറേഷനിലെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ

242 (7213) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽസപ്ലൈസ് കോർപ്പറേഷനിലെ ധനകാര്യ വിഭാഗത്തിൽ ആകെ എത്ര ജീവനക്കാരാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഒരേ സെക്ഷനിലും ഒരേ ഉത്തരവാദിത്തത്തിലും മൂന്നു വർഷത്തിലധികമായി സേവനമനുഷ്ഠിക്കുന്ന എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) നിശ്ചയിക്കപ്പെട്ട സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം ഒരേ സെക്ഷനിലും ഒരേ ഉത്തരവാദിത്തത്തിലും ഒരാൾക്ക് എത്ര വർഷം തുടരാനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) നിശ്ചയിക്കപ്പെട്ട സ്ഥലംമാറ്റ മാനദണ്ഡപ്രകാരം കാലാവധി കഴിഞ്ഞവരെ നിലവിലുള്ള സെക്ഷനിൽനിന്നും നിലവിലുള്ള ഉത്തരവാദിത്തങ്ങളിൽ നിന്നും മാറ്റി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ധനകാര്യ വിഭാഗത്തിൽ 34 ജീവനക്കാരുണ്ട്.

(ബി) ഒരു സെക്ഷനിൽത്തന്നെ തുടരെ മൂന്ന് വർഷത്തിലധികമായി സേവനമനുഷ്ഠിക്കുന്ന 7 ജീവനക്കാരുണ്ട്.

(സി) ഭരണപരമായ കാര്യങ്ങളിൽ തടസ്സംവരാത്ത വിധത്തിലാണ് സ്ഥലംമാറ്റം നടത്തുന്നത്. നിശ്ചിത മാനദണ്ഡങ്ങൾക്കനുസരണമായിട്ടല്ലാതെ ഒരേ സെക്ഷനിൽ തുടരുന്നതിനുള്ള അനുവാദം ഒരു ജീവനക്കാർക്കും നൽകിയിട്ടില്ല. ഒരു വർഷത്തിനകം ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞ് റിക്കുറ്റിലേക്ക് റിവർഷനാകുന്ന ജീവനക്കാർക്കും സർവ്വീസിൽനിന്നും റിട്ടയർ ചെയ്യുന്ന ജീവനക്കാർക്കും സ്ഥലം മാറ്റത്തിലെ മാനദണ്ഡങ്ങളിൽ ഇളവ് നൽകാറുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

സിവിൽസപ്ലൈസ് കോർപ്പറേഷനിലെ പർച്ചേസ് വിഭാഗത്തിലെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ

243 (7214) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽസപ്ലൈസ് കോർപ്പറേഷനിലെ പർച്ചേസ് വിഭാഗത്തിൽ ആകെ എത്ര ജീവനക്കാരാണുള്ളത് ;

(ബി) ഓരോ സെക്ഷനിലും ഒരേ ഉത്തരവാദിത്വത്തിൽ മൂന്നുവർഷത്തിലധികമായി സേവനമനുഷ്ഠിക്കുന്ന എത്ര ജീവനക്കാർ പർച്ചേസ് വിഭാഗത്തിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) നിശ്ചയിക്കപ്പെട്ട സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം ഒരേ സെക്ഷനിലും ഒരേ ഉത്തരവാദിത്വത്തിലും ഒരാൾക്ക് എത്രവർഷം തുടരാനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം കാലാവധി കഴിഞ്ഞവരെ നിലവിലുള്ള സെക്ഷനിൽനിന്നും നിലവിലുള്ള ഉത്തരവാദിത്വങ്ങളിൽനിന്നും മാറ്റി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സിവിൽസപ്ലൈസ് കോർപ്പറേഷനിലെ പർച്ചേസ് വിഭാഗത്തിൽ 21 ജീവനക്കാരുണ്ട്.

(ബി) മൂന്ന് വർഷത്തിലധികമായി സേവനമനുഷ്ഠിക്കുന്ന 2 ജീവനക്കാരുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly